# കഴുമരത്തിന്റെ വിലാപം (കഥ)

അന്ന് വെള്ളിയാഴ്ച ആയിരുന്നു. ദൈവപുത്രൻ കുരിശിലേറിയ വെള്ളിയാഴ്ച ആയിരുന്നില്ല അത്.ഭൂത പ്രേത പിശാചുക്കൾ അഴിഞ്ഞാടുന്നു എന്ന് പറയപ്പെടുന്ന അമാവാസി വെള്ളിയാഴ്ചയും ആയിരുന്നില്ല അത്. പിന്നെന്താണ് ആ വെള്ളിയാഴ്ചയുടെ പ്രത്യേകത?പ്രത്യേകതകളില്ലാത്ത ആഴ്ചയിലെ മറ്റേതൊരു ദിവസവും പോലെ ആയിരുന്നോ അത്? അല്ല എന്ന് പ്രത്യേകം എടുത്തു പറയേണ്ടത് ഇല്ലാത്തതിനാൽ തന്നെ, ആ വെള്ളിയാഴ്ച്ചക്ക് സവിശേഷതകൾ ഏറെ ആയിരുന്നു.

അങ്ങ് പടിഞ്ഞാറു സൂര്യൻ തന്റെ ചെങ്കിരണങ്ങളാൽ ഭൂമിയെ തലോടി, വിട പറയാൻ മടിച്ചുനിൽക്കുന്ന കമിതാവിനെപ്പോലെ,പതുക്കെ പതുക്കെ മറഞ്ഞു പൊയ്ക്കൊണ്ടിരുന്നു. മലമുകളിൽ തലയുയർത്തി നില്ക്കുന്ന ആ കഴുമരമായിരുന്നു അന്ന് ഏവരുടെയും ശ്രദ്ധാകേന്ദ്രം. ആ മങ്ങിയ സന്ധ്യാവേളയിൽ ആ കഴുമരം ഏതോ പ്രാചീനയുഗത്തിൽ നിന്നും, കാലചക്രത്തിന്റെ അദൃശ്യമായ ചരടുകൾ മുറിച്ച്, സമയവും കാലവും തെറ്റി, ദിക്കറിയാതെ പകച്ചുനില്ക്കുന്ന ഒരു ആജാനുബാഹുവിനെപ്പോലെ കാണപ്പെട്ടു. ആ കഴുമരം അതിന്റെ ഈ ജീവിതച്ചക്രത്തിലെ അവസാനത്തെ നിയോഗവും നിർവ്വഹിച്ചു കഴിഞ്ഞിരുന്നു. ആ വെള്ളിയാഴ്ച ഇരുണ്ടുമയങ്ങിപിറ്റേന്ന് നേരം പുലരുമ്പോൾ ആ കഴുമരം അഗ്നിയിൽ എരിഞ്ഞടങ്ങും.

രാത്രിയുടെ നിശബ്ദത താഴ്‌വാരത്തെ കരിമ്പടം പുതപ്പിച്ചപ്പോൾ ആ കഴുമരം തന്റെ അവസാനത്തെ നിയോഗത്തെപ്പറ്റി . ഓർക്കുക ആയിരുന്നു. ദൈവപുത്രൻ കുരിശിൽ ഏറിയപ്പോൾ, തന്റെ ഓരോ അണുവും പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു നിർവൃതിയിൽ ലയിച്ചത് ഇന്നലെ നടന്നതുപോലെ ഓർക്കുന്നു.എല്ലാവരും ഭയത്തോടെയും അമർഷത്തോടെയും നോക്കിയിരുന്ന, ഈ ഭൂമിയിലെ ഏറ്റവും നികൃഷ്ടമായി കരുതിയിരുന്ന തന്നെ മഹത്വത്തിലേക്ക് ആയിരുന്നു അവൻ ഉയർത്തിയത്.തന്റെ അന്നുവരെ ഉണ്ടായിരുന്ന എല്ലാ അപമാനവും നീക്കപ്പെട്ടു. താനും ഒരു പൂജ്യ വസ്തുവായി രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മുൻപ് നടന്നതൊക്കെ ഇന്നലെ എന്നതുപോലെ കണ്മുൻപിൽ...

നൂറ്റാണ്ടുകൾക്കു ശേഷം പുതിയ രൂപത്തിലും ഭാവത്തിലും ഒരു കഴുമരമായി താൻ വീണ്ടും ജനിച്ചു. കാലചക്രം എത്ര വേഗമാണ് ഉരുണ്ടു തിരിഞ്ഞത്. ദൈവപുത്രൻ വീണ്ടെടുത്ത ഭൂമിയിലേക്ക് വീണ്ടും ജനിക്കുമ്പോൾ ഒരു അമ്പരപ്പായിരുന്നില്ലേ?ഇനിയും ഒരു കഴുമരത്തിന് എന്താവശ്യം?ദൈവപുത്രൻ വിഭാവനം ചെയ്ത , രക്തത്താൽ വീണ്ടെടുത്ത ഭൂമിയിൽ സന്തോഷവും സമാധാനവും അല്ലെ വിളയാടുന്നത്? ഇനിയും അവൻ കുരിശിൽ

മരിക്കണമോ?അതോ താൻ വീണ്ടും അപമാനത്തിന്റെയും നിന്ദയുടെയും ചിഹ്നമാകുമോ? ആരാവും തന്നെ ആശ്ലേഷിക്കുക?

എന്താവും  തന്റെ നിയോഗം?

വീണ്ടും ഒരു വെള്ളിയാഴ്ച.... പക്ഷെ ഈ വെള്ളിയാഴ്ച തന്റെ നെഞ്ചോടു ചേർന്നുകിടന്നത് ദൈവപുത്രൻ ആയിരുന്നില്ല, കള്ളനോ കവർച്ചക്കാരനോ ആയിരുന്നില്ല.

ഇന്ന്  താൻ  അനുഭവിച്ച ആത്മനിന്ദയും വേദനയും......

തന്റെ കഴിഞ്ഞകാല ജന്മങ്ങളിൽ സ്വപ്നത്തിൽപ്പോലും അനുഭവിക്കാത്ത അസഹനീയമായ വേദന....

സ്ത്രീയെ, അമ്മ, ഭാര്യ, സഹോദരി, മകൾ, എന്നീ കണ്ണുകൾ കൊണ്ടൊന്നും കാണാൻ പറ്റാത്ത ഒരു നികൃഷ്ടജീവി, മാതൃത്വത്തെ ചവിട്ടിമെതിച്ച ക്രൂര ജന്മം, മകളെ ചവിട്ടിമെതിച്ച് അവളുടെ നിഷ്കളങ്കമായ കണ്ണുകളെ എന്നന്നേക്കുമായി അടച്ചുകളഞ്ഞ നരാധമൻ, അവൻ തന്റെ നെഞ്ചോടു പറ്റിച്ചേർന്നു അവസാന ശ്വാസം എടുത്തപ്പോൾ താനറിഞ്ഞു, താൻ ഇന്നോളം അറിഞ്ഞിട്ടില്ലാത്ത, പിശാചിന്റെ മനുഷ്യജന്മം....

.ആ കഴുമരചോട്ടിൽ അവനായി ഒരിറ്റു കണ്ണീർ തൂകാൻ അവന്റെ അമ്മയോ, അവളെ സ്വഗൃഹത്തിൽ സ്വീകരിക്കാൻ അവന്റെ അനുയായിയോ ഇല്ല എന്ന സത്യം....

നാളെ തന്റെ ഓരോ കോശവും വെട്ടിനുറുക്കി അഗ്നിക്കിരയാക്കുമ്പോൾ....

ഇനിയും ഒരു ജന്മം ഉണ്ടെങ്കിൽ അന്ന് ഒരു കഴുമരത്തിന്റെ രൂപം തനിക്കു ലഭിക്കാതിരുന്നുവെങ്കിൽ...

ഒരു പക്ഷെ ഇനിയും ദൈവപുത്രൻ ഭൂമിയിൽ ജനിച്ചു കുരിശിൽ മരിക്കണമെങ്കിൽ..ലോകത്തെ വീണ്ടും രക്ഷിക്കാൻ എങ്കിൽ ഇനിയും ഒരു കഴുമരമായി മാറാം,

ദൈവപുത്രന്റെ കുരിശിനായി മാത്രം........